## അഭിമാനഹത്യ, ദളിതപീഡനം, ജാതി.....?

കെ.ജി. പൗലോസ്

കേരളത്തിൽ ഈയിടെ കേട്ടുതുടങ്ങിയ വാക്കാണ് അഭിമാനഹത്യ (honour killing) എന്നത്. ഇതരസംസ്ഥാനങ്ങളിലുള്ളവർക്ക് പണ്ടേ പരിചിതമാണ് ഈ പദം. ഗോത്ര സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണിത് രൂപപ്പെട്ടത്. ഓരോ ഗോത്രവും ഉറച്ചുവിശ്വസിക്കുന്നത് തങ്ങളുടേതാണ് ഏറ്റവും ശ്രേഷ്ഠമായ കുലം എന്നാണ്. അതുകൊണ്ട് ഗോത്രശുദ്ധിസൂക്ഷിക്കുന്നതാണ് ഏറ്റവും വലിയ ധർമ്മം. രണ്ടുകാര്യങ്ങളാണ് ഇതിനവർ നിഷ്കർഷിക്കുന്നത്. ഒന്ന്, തങ്ങളുടെ സ്ത്രീകൾ അന്യപുരുഷന്മാരുമായി ബന്ധപ്പെട്ട് ഗോത്രത്തിന്റെ രക്തശുദ്ധിയിൽ കലർപ്പുണ്ടാകുന്നത് തടയുക. രണ്ട്, തങ്ങളുടെ ഗോത്രരക്തം പുരുഷന്മാർ മുഖേന പരസ്ത്രീകളിൽ എത്താതിരിക്കാൻ ശ്രദ്ധിക്കുക. കഠിനരോഗാവസ്ഥയിൽ പോലും ആശുപത്രിയിൽ നിന്നവർ രക്തം സ്വീകരിക്കുകയില്ലെന്ന് മനസ്സിലാക്കിയാലെ രക്തശുദ്ധിയിൽ അവർക്കുള്ള നിഷ്ഠയുടെ തീവ്രത നമുക്ക് മുഴുവൻ ഉൾക്കൊള്ളാൻ കഴിയൂ.

ഗോത്രത്തനിമ സംരക്ഷിക്കേണ്ടത് ഗോത്രത്തലവന്റെ/മൂപ്പന്റെ കടമയാണ്. അതിൽ മൂപ്പനെ സഹായിക്കാൻ ഗോത്രപ്പഞ്ചായത്തുണ്ട്. ഗോത്രത്തിൽ ആർക്കെങ്കിലും പരസമ്പർക്കം ഉണ്ടെന്ന് സംശയമുണ്ടായാൽ ഉടൻ പഞ്ചായത്ത് വിളിച്ചുകൂട്ടും. കുറ്റാരോപിതരെ പരസ്യമായി വിസ്തരിക്കും. അതികഠിനമായിരിക്കും പഞ്ചായത്ത് വിധിക്കുന്ന ശിക്ഷ.. സ്ത്രീയെ പൂർണ്ണനഗ്നയായി പൊതുനിരത്തിലൂടെ നടത്തുക എന്നതാണ് ഏറ്റവും ലളിതമായ ശിക്ഷ. തുടർന്നങ്ങോട്ട് പലതരം ശിക്ഷകളുണ്ട്. കൊല്ലുന്നതിനുമുൻപ് പരസ്യമായി പലരെക്കൊണ്ടും ബലാൽസംഗം ചെയ്യിക്കുക എന്നത് പലപ്പോഴുമുണ്ടാകാറുള്ള ശിക്ഷയാണ്. ചിലപ്പോൾ സഹോദരിയെ സഹോദരനെക്കൊണ്ട് ബലാൽക്കാരം ചെയ്യിക്കാറുണ്ട്. ഈ ശിക്ഷകൾ നടപ്പാക്കാൻ മുന്നിൽ നിൽക്കുന്നത് കുറ്റാരോപിതയുടെ പിതാവോ സഹോദരനോ ആയിരിക്കും. പുണ്യകർമ്മം അനുഷ്ഠിക്കുന്ന ശ്രദ്ധയോടെയാണ് അയാളിത് ചെയ്യുക. അതുകൊണ്ട് ആരും ഈ ശിക്ഷകളെ എതിർക്കാറില്ല. പോലീസിൽ പരാതിപ്പെടാറില്ല. പരാതിപ്പെട്ടാലും സാക്ഷിപറയാൻ ആളുണ്ടാവില്ല, ശിക്ഷിക്കപ്പെടില്ലെന്നുറപ്പ്. ഇതെല്ലാം തങ്ങളുടെ ഗോത്രത്തിന്റെ അഭിമാനം കാത്തുരക്ഷിക്കാൻ മൂപ്പൻ സഹിക്കുന്ന ത്യാഗങ്ങളാണെന്നാണ് അണികളുടെ വിശ്വാസം. ഇത്തരത്തിൽ, ഭരണഘടന നിലവിൽ വന്നിട്ടിത്രനാളായിട്ടും ഭാരതത്തിൽ നിലനിൽക്കുന്ന സമാന്തരഭരണവ്യവസ്ഥയാണ് കിരാതമായ സ്വാഭിമാനഹത്യകൾ വിധിക്കുന്നത്. ഇവയുടെ വിധികൾക്ക് നിയമസാധുത ഇല്ലെന്ന് കോടതികൾ പലവട്ടം തീർപ്പുകൽപിച്ചിട്ടുണ്ട്.

അതൊന്നും ഗോത്രത്തിന്റെ അഭിമാനം സംരക്ഷിക്കുന്നതിൽ നിന്ന് മൂപ്പന്മാരെ വിലക്കാറില്ല.

ഇത്തരം അഭിമാനഹത്യകൾ കേരളത്തിലുണ്ടോ? കെവിൻ എന്ന ചെറുപ്പക്കാരന്റെ ദുരന്തം ഇക്കൂട്ടത്തിൽ പെട്ടതാണോ? പത്രവാർത്തകൾ വിശ്വസിക്കാമെങ്കിൽ ഗോത്രസംസ്കാരത്തിൽ വിശ്വസിക്കുന്നവരുടേതല്ല ആ കുടുംബങ്ങൾ. ഭാഗ്യഹീനയായ ആ പെൺകുട്ടി ആവർത്തിച്ചുപറയുന്നത് ഇരുകുടുംബങ്ങൾ തമ്മിലുള്ള സാമ്പത്തികനിലയിലെ അന്തരമാണ് തന്റെ വീട്ടുകാരുടെ അനിഷ്ടത്തിന് കാരണമെന്നാണ്. തികച്ചും യാഥാസ്ഥിതികമാണ് കേരളീയസമൂഹം. മിശ്രവിവാഹങ്ങളെ മുതിർന്നവർ പിന്തുണക്കാറില്ല. കുറച്ചുകാലം മുൻപുവരെ മിശ്രവിവാഹത്തിനൊരുമ്പെടുന്നവരെ പണവും പണ്ടങ്ങളും മോഷ്ടിച്ചെന്ന് കള്ളപ്പരാതി നൽകി പോലീസിനെക്കൊണ്ട് ഭീഷണിപ്പെടുത്തി പിൻതിരിപ്പിക്കാൻ ശ്രമിക്കുകയാണ് പതിവ്. ഇപ്പോൾ അതുവിലപ്പോകാറില്ല. പക്ഷേ, ഐ.ടി. മേഖലയിലും മറ്റും ഇക്കാലത്ത് സഹപ്രവർത്തകർ തമ്മിൽ ധാരാളം മിശ്രവിവാഹങ്ങൾ നടക്കാറുണ്ട്. സാമ്പത്തികസുരക്ഷിതത്വമുള്ളതുകൊണ്ട് കുടുംബങ്ങൾ അംഗീകരിക്കാറുമുണ്ട്. അത്തരത്തിൽ സാമ്പത്തികസ്ഥിതി ഇല്ലെന്നതാണ് ഇവിടെ ഈ ദുരന്തത്തിന് വഴിതെളിച്ചത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ വരന് നല്ല സാമ്പത്തികപശ്ചാത്തലവും സുരക്ഷിതമായൊരു തൊഴിലും ഉണ്ടായിരുന്നെങ്കിൽ വധൂപക്ഷത്തെ എതിർപ്പുകൾക്ക് മൂർച്ച കുറയുമായിരുന്നു. അതാണ് കേരളത്തിന്റെ സമൂഹാന്തരീക്ഷം. ഈ സംഭവത്തെ സ്വാഭിമാനകൊലയായി ആഘോഷിക്കുന്നതിന്റെ പിന്നിലുള്ള താത്പര്യങ്ങളെ തിരിച്ചറിയേണ്ടതുണ്ട്.

**ദളിതപീഡനം**

ഒരു സഹോദരന്റെ ദാരുണാനുഭവമാണ് അഭിമാനഹത്യയായി കൊണ്ടാടുന്നതെങ്കിൽ ഒരു സഹോദരിയുടെ ദാരുണതരമായ അനുഭവമാണ് ദളിതപീഡനമായി വ്യാഖ്യാനിക്കുന്നത്. ക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ടാണ് അവർ കൊല്ലപ്പെട്ടത്. എല്ലാഅർത്ഥത്തിലും ധീരയായിരുന്നു അവർ. സ്വന്തം പരിശ്രമംകൊണ്ട് ലോകോളേജിൽ വരെ എത്താൻ അവർക്കു കഴിഞ്ഞു. പക്ഷേ, നിർണ്ണായകമായ ഏറ്റുമുട്ടലിൽ പിടിച്ചുനിൽക്കാൻ കഴിയാതെ അവർക്ക് കീഴടങ്ങേണ്ടിവന്നു. ഒരു സ്ത്രീ ആയതുകൊണ്ടാണ് അവൾ പീഡിപ്പിക്കപ്പെട്ടത്. അവളുടെ നിസ്സഹായാവസ്ഥ അതിന് സഹായകമായി. അച്ഛൻ നാഥനായി കുടുംബത്തിലുണ്ടായിരുന്നെങ്കിൽ, അല്പമെങ്കിലും ബന്ധുബലം ഉണ്ടായിരുന്നെങ്കിൽ അവരുടെ ജീവിതം ഇത്ര ദുരിതപൂർണ്ണമാകുമായിരുന്നില്ല. പിന്നാക്കവിഭാഗത്തിൽ പിറന്നു എന്നതായിരുന്നില്ല അവരുടെ ദുരന്തത്തിന് ഹേതു.

1852-ലാണ് ബ്രിട്ടീഷ് ഗവണ്മേന്റ് അടിമത്തം നിയമംമൂലം നിരോധിച്ചത്. അതുവരെ ആടുമാടുകളെ കാലിച്ചന്തകളിൽ കൊണ്ടുപോകുന്നതുപോലെ കീഴാളരെ കൂട്ടിയടിച്ച് കൊണ്ടുപോയി ലേലംചെയ്ത് വിൽക്കുകയായിരുന്നു പതിവ്. അതിനെയാണ് സർക്കാർ നിരോധിച്ചത്. നിരോധനം എല്ലായിടത്തും പ്രാബല്യത്തിൽ വന്നില്ല. കാരണം അടിമത്തം

സൃഷ്ടിച്ചത് ജന്മിത്തമാണ്. അത് നിരോധിക്കാൻ ബ്രിട്ടീഷുകാർക്കായില്ല, അതിവിടത്തെ ഭൂവിതരണ വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. ഭൂനിയമങ്ങൾ നടപ്പാക്കി കീഴാളരെ സമൂഹസംവിധാനത്തിന്റെ ഭാഗമാക്കിയപ്പോൾ കേരളത്തിൽ അടിമത്തം നശിച്ചു. ദാരിദ്ര്യവും കഷ്ടപ്പാടുമുണ്ടാകും. പക്ഷേ, കേരളത്തിലെ കീഴാളർ മേലാളരുടെ വരുതിയിലല്ല. ജമീന്ദാറും ജന്മിയുമുള്ളിടത്താണ് കീഴാളർക്ക് ദളിതത്വമുള്ളത്. ഊനുവിൽ അടുത്തകാലത്തുണ്ടായതതാണ്. ഇത്തരമൊരരക്ഷിതത്വവും അസ്വാതന്ത്ര്യവും കേരളത്തിൽ കീഴാളർ അനുഭവിക്കുന്നില്ല. ഒരു ജന്മിക്കും ഒരു മേലാളനും കീഴ്പ്പെടാൻ കേരളത്തിൽ ഒരു സ്ത്രീയും ബാദ്ധ്യസ്ഥയല്ല. പിന്നെ എങ്ങനെയാണ് ആ പെൺകുട്ടിയുടെ മരണം ദളിതപീഡനമാകുന്നത്? കീഴാളവിഭാഗത്തിൽ പെടാത്തവർക്കും സമാനമായ സാഹചര്യങ്ങളിൽ ഈ അനുഭവം ഉണ്ടാകാം. കീഴാളവിഭാഗത്തിൽ ജനിച്ച പെൺകുട്ടികൾ തന്നെ എത്രയോ പേർ സുരക്ഷിതരായി ജീവിക്കുന്നു? ഇവിടെ പീഡിപ്പിക്കപ്പെട്ടത് സ്ത്രീ ആണ്, അവർ ദളിത ആണെന്നതല്ല, സ്ത്രീ ആണെന്നതാണ് അതിന്റെ കാരണം.

മധു എന്നൊരു ചെറുപ്പക്കാരനെ ആൾക്കൂട്ടം തല്ലിക്കൊന്നു. ഇതിനർത്ഥം ആദിവാസികൾക്കിവിടെ രക്ഷയില്ലെന്നല്ല. ആൾക്കൂട്ടത്തിന്റെ അപസ്മാരം എത്ര അപലപിച്ചാലും അധികമാകില്ല. ഒരുകാര്യമോർക്കണം – പത്രറിപ്പോർട്ടുകൾ വിശ്വസിക്കാമെങ്കിൽ എട്ടോ പത്തോ വർഷമായി ആ യുവാവ് വീടുവിട്ടിട്ടും അമ്മയെക്കണ്ടിട്ടും. അയാൾക്ക് കഴിയാനുള്ള സാഹചര്യങ്ങളോ പുനരധിവസിപ്പിക്കാനുള്ള സംവിധാനങ്ങളോ ഒരുക്കുന്നതിൽ നാം പരാജയപ്പെട്ടു. ഇതാണ് വസ്തുത. സമാനസാഹചര്യങ്ങളിൽ ആദിവാസിക്കല്ല ആർക്കും സംഭവിക്കാവുന്ന ദുരന്തമാണിത്. ആൾക്കൂട്ടക്കൊലയെ ആദിവാസിമർദ്ദനമാക്കുന്നത് ശ്രദ്ധിച്ചുവേണം.

**ജാതി, ജാതി**

നിലവിലുള്ള സമൂഹഘടനയെ തച്ചുടച്ച് പുതുതായ ഒന്നിനെ സൃഷ്ടിക്കുകയാണ് നവോത്ഥാനം കേരളത്തിൽ ചെയ്തത്. അതുകൊണ്ട് നവോത്ഥാനത്തിന്റെ അജണ്ടയിൽ ഏറ്റവും പ്രധാനം ജാതിനശീകരണമായിരുന്നു. സഹോദരൻ അയ്യപ്പന്റെ 'ജാതിരാക്ഷസദഹനം' ഓർമ്മിക്കുക. ജാതി എന്നത് നരകത്തിൽ നിന്ന്, തീതിന്നും പിശാചിന്റെ നാവിൽനിന്ന്, പൊന്തിയ ശബ്ദമാണെന്ന് വള്ളത്തോൾ അപഹസിച്ചു. എന്തിനാണ് സമൂഹപുനർഘടനയ്ക്കുള്ള പ്രവർത്തനം നമ്മുടെ പൂർവ്വികർ ജാതിക്കെതിരെ കേന്ദ്രീകരിച്ചത്? അതിനൊരു കാരണമുണ്ടായിരുന്നു – ജാതി തകർന്നാൽ ഫ്യൂഡൽ ഘടന തകരും. രണ്ടുധർമ്മങ്ങളാണ് ആ സമൂഹത്തിൽ ജാതി നിർവഹിച്ചത്. ഒന്ന്, ജാതിഅടിസ്ഥാനത്തിലായിരുന്നു തൊഴിൽവിഭജനം വ്യവസ്ഥചെയ്തിരുന്നത്. ജനനമാണതിന്റെ നിയാമകം. ക്ഷുരകന്റെ മകൻ ക്ഷുരകൻ, ആശാരിയുടെ മകൻ ആശാരി, വെളുത്തേടന്റെ മകൻ വെളുത്തേടൻ. ഓരോ ജാതിക്കുമുള്ള തൊഴിൽ വ്യവസ്ഥചെയ്തിരുന്നു. അതുചെയ്യണം, അതേ ചെയ്യാവൂ; മറ്റൊരു തൊഴിൽ ചെയ്യരുത്. ഡോ. പല്പു മെഡിക്കൽ വിദ്യാഭ്യാസത്തിന് ശേഷം ജോലിതേടി തിരുവിതാംകൂറിലെ ഭരണാധികാരികളെ ചെന്നുക

ണ്ടത്രേ. മേലാളിൽ നിന്നുള്ള ചോദ്യമിതായിരുന്നു – 'ഇപ്പഴേ തൊഴിലുണ്ടല്ലോ, പിന്നെ ന്തിനാ വേറെ തൊഴിൽ?' തൊഴിൽരഹിതനാണല്ലോ താനെന്നോർത്തു മിഴിച്ചുനിന്ന പല്പുവിനു ഉടൻ കിട്ടി വിശദീകരണം – 'തെങ്ങിൽ കേറി ചെത്തുക, അതാ നിങ്ങൾക്കുള്ള വിധിച്ചിട്ടുള്ള തൊഴിൽ. അതുമതി'. അങ്ങനെയാണ് പല്പു മൈസൂറി ലേയ്ക്ക് വണ്ടികയറിയത്. വർണ്ണവും ജാതിയും അവരവർക്കുള്ള തൊഴിലും സൃഷ്ടി ച്ചത് ഈശ്വരനാണെന്ന് പാവപ്പെട്ടവരെ പറഞ്ഞുവിശ്വസിപ്പിക്കുന്നതിൽ മേലാളർ വിജ യിച്ചിരുന്നു. ഈ വ്യവസ്ഥ കേരളത്തിൽ ഇന്നില്ല. ഏതുതൊഴിലും ആർക്കും ചെയ്യാം. കീഴാളരെ പൂജാരികളാക്കിയപ്പോൾ കേരളീയ സമൂഹത്തിൽ കാര്യമായ എതിർസ്വര ങ്ങൾ ഉണ്ടാകാതിരുന്നതതുകൊണ്ടാണ്. ജാതിവ്യവസ്ഥ അനുസരിച്ച് എതിർക്കേണ്ടത് ബ്രാഹ്മണരാണ്. പൂജിക്കാനുള്ള അധികാരം അവർക്കാണ്. അവരിൽ അധികംപേരും ഇപ്പോൾ എഞ്ചിനീയറും ഡോക്ടറുമൊക്കെയാണ്. പിന്നെ അവരെന്തിനെതിർക്കണം? ജാതിയുടെ രണ്ടാമത്തെ ദോഷം സമൂഹത്തിൽ വർണ്ണശ്രേണി ഉണ്ടാക്കി അസ്പൃശ്യത സൃഷ്ടിക്കുന്നു എന്നതാണ്. 'പുര കത്തിയാലും വേണ്ടില്ല, കിണർ തൊട്ടശുദ്ധമാക്കായ്ക' എന്നാണ് വള്ളത്തോളിന്റെ ശുദ്ധരിൽ ശുദ്ധൻ അപേക്ഷിക്കുന്നത്. കേരളത്തിൽ എങ്കിലും ഇന്ന്, ഈ അയിത്തത്തിന് നിൽക്കക്കള്ളിയില്ല.

ചുരുക്കമിതാണ് : കേരളത്തിന്റെ സമൂഹഘടനയെ നിയന്ത്രിക്കാൻ ജാതിക്ക് ഉണ്ടായി രുന്ന മേൽക്കൈ ഇന്നതിന് നഷ്ടപ്പെട്ടിരിക്കുന്നു. അച്ഛൻ ജനിച്ച ജാതിയുടെ പേര് മകൻ പേരിന്നൊപ്പം ചേർക്കുന്നു എന്നതിനപ്പുറം ജാതിക്കിന്ന് നമ്മുടെ സമൂഹത്തിൽ സ്ഥാന മില്ല. അതുകൊണ്ട് ജാതിനശീകരണം ഇന്നൊരു മുഖ്യഅജണ്ടയാക്കുന്നതിൽ അർത്ഥ മില്ല. ജാതിക്ക് അതിന്റെ വിഷപ്പല്ലുകൾ കൊഴിഞ്ഞിരിക്കുന്നു. നവോത്ഥാനം കൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങൾ പുതിയ ഒരു സമൂഹസൃഷ്ടിക്ക് പ്രേരകമായിട്ടുണ്ട്. പരിമി തികളും തിരിച്ചടികളുമുണ്ടായിട്ടും കേരളത്തിന്റെ മാതൃക അനുകരണീയംതന്നെയാണ്.

ഒപ്പംതന്നെ ഓർക്കേണ്ട ഒരു കാര്യമുണ്ട്. മേൽപ്പറഞ്ഞ സംഭവങ്ങൾ കേരളീയസമൂഹ ത്തിന്റെ പ്രബുദ്ധതയെ കളങ്കപ്പെടുത്തുന്നവയാണ്. അവ ഒഴിവാക്കാനുള്ള ജാഗ്രത പുരോ ഗമനപക്ഷത്തുനിന്നുണ്ടാകേണ്ടതായിരുന്നു. പോലീസ് സേനയിലെ അഞ്ചാംപത്തിക ളാണ് കിവിന്റെ ദുരന്തത്തിന് വഴിവെച്ചത്. അക്രമികളോടൊപ്പം അവർ ഒളിച്ചുകളിച്ചു. അപമാനിതയായി കൊല്ലപ്പെട്ട ആ സഹോദരിയുടെ സമൂഹത്തിലെ ഒറ്റപ്പെടൽ എങ്ങ നെയുണ്ടായി? പരിസരത്തുള്ള പുരോഗമനപ്രസ്ഥാനത്തിന്റെ പ്രവർത്തകർക്ക് അവരെ ഒപ്പംകൂട്ടി കരുത്ത്പകരാൻ കഴിയാതിരുന്നതെന്തേ? വീട്ടുകാർ ഉപേക്ഷിച്ചെങ്കിലും മധു വിന്റെ പുനരധിവാസച്ചുമതല അവിടുത്തെ ഇടതുപക്ഷം ഏറ്റെടുക്കേണ്ടതായിരുന്നില്ലേ? ഇതിന്റെ അർത്ഥം നവോത്ഥാനം കൊണ്ട് പ്രബുദ്ധത കൈവരിച്ചതിലും ക്ലേശകരമായ പ്രവൃത്തി ആണ് അത് നിലനിർത്താൻ ആവശ്യമായിട്ടുള്ളത് എന്നാണ്. സമൂഹം ഉറ്റു നോക്കുന്നത് പുരോഗമനപ്രസ്ഥാനത്തെയാണ്. സ്വാതന്ത്ര്യത്തിന്റെ വില നിതാന്തജാ ഗ്രതയാണ്. അതുമറന്നുകൂടാ.

**വാക്കിലെന്തിരിക്കുന്നു?**

കേരളം സൃഷ്ടിച്ച വേറിട്ട മാതൃകയിൽ അസഹിഷ്ണുക്കളായ ശക്തികൾ ധാരാളമുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല കേരളം എന്ന് സ്ഥാപിക്കേണ്ടത് ആ ശക്തികളുടെ നിലനില്പിന്റെ പ്രശ്നമാണ്. സമൂഹത്തിന്റെ പിന്തുണ ആർജ്ജിക്കാൻ കഴിയാത്ത സ്വത്വം പറയുന്ന ചെറുഗ്രൂപ്പുകൾ അനവധി ഉണ്ട് കേരളത്തിൽ. നിലനിൽപിന് ഒരിടം അവർക്കും ആവശ്യമാണ്; തീവ്രവാദഗ്രൂപ്പുകൾ വേറെയുമുണ്ട്. പുരോഗമനപ്രസ്ഥാനമാണ് ഇവയുടെയെല്ലാം പൊതുശത്രു. അതുകൊണ്ട് ദേശീയതലത്തിൽ മാത്രമല്ല, അന്തർദേശീയ തലത്തിൽതന്നെ കേരളത്തിന്റെ നേട്ടങ്ങളെ നിസ്സാരവൽക്കരിക്കേണ്ടത് അവരുടെ നിലനിൽപ്പിന് ആവശ്യമാണ്. അതിനുള്ള അജണ്ടകളാണ് അവർ നിർമ്മിക്കുന്നത്. അഭിമാനക്കൊലയും ദളിതപീഡനവും ജാതിദ്വേഷവുമാണ് കേരളസമൂഹത്തിന്റെ മുഖമുദ്ര എന്ന് പ്രചരിപ്പിക്കാൻ അവർ ശ്രമിക്കും. വീണുകിട്ടുന്ന അവസരങ്ങൾ അവർ ഉപയോഗിക്കും. പരിചിതമല്ലാത്ത പദാവലികൾ അവർ ആവിഷ്ക്കരിക്കും.

ഒരു പേരിലെന്തിരിക്കുന്നു എന്ന് ചോദിച്ചതുപോലെ ഒരു വാക്കിലെന്തിരിക്കുന്നു എന്നും ചോദിക്കാം. പലതുമുണ്ട് വാക്കിൽ എന്നാണ് മറുപടി. സാമ്പത്തികപ്രശ്നത്തെ അഭിമാനക്കൊലയാക്കുന്നതും സ്ത്രീപീഡനത്തെ ദളിതവല്ക്കരിക്കുന്നതും ആൾക്കൂട്ടക്കൊലയെ ആദിവാസിമർദ്ദനമാക്കുന്നതും നിഷ്കളങ്കതയല്ല. എതിരാളികളുടെ പദാവലിയെ കണ്ണടച്ചാവർത്തിക്കുന്ന പുരോഗമനപക്ഷത്തുള്ളവർ ഇക്കാര്യമോർക്കേണ്ടതുണ്ട്.

അഭിമന്യുവിന്റെ രക്തസാക്ഷിത്വത്തിൽ മാത്രമേ എതിരാളികൾ തോറ്റിട്ടുള്ളൂ. ഹിന്ദുവിന് നേരെയുള്ള മുസ്ലീം തീവ്രവാദാക്രമണമായി അതിനെ മാറ്റാൻ കഴിയാതിരുന്നത് പുരോഗമനശക്തികളുടെ നിതാന്തജാഗ്രതമൂലമാണ്. ആ ജാഗ്രത നിലനിർത്തേണ്ടതുണ്ട്.